(ബി) കോമ്പൻസേഷൻ കമ്മീഷണറുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് കാരണം തൊഴിലാളികൾക്ക് നഷ്ടപരിഹാരം ലഭിക്കുവാൻ കാലതാമസം ഉണ്ടാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ രണ്ട് തസ്തികകളിലും നിയമനം നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കൊല്ലം, കോഴിക്കോട് എന്നിവിടങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന വ്യവസായ ട്രൈബ്യൂണൽ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കണ്ണൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ ഒഴിവ് സർക്കാരിന്റെ 4-2-2006-ലെ ഉത്തരവ് മുഖേന നികത്തിയിട്ടുണ്ട്. തിരുവനന്തപുരം ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ അധിക ചുമതല ഇപ്പോൾ ജില്ലാ ലേബർ ഓഫീസർ തിരുവനന്തപുരം (ജി) ക്ക് നൽകിയിട്ടുണ്ട്. ടി ഒഴിവു നികത്താൻ സത്വര നടപടി സ്വീകരിക്കുന്നതാണ്.

കുട്ടനാടൻ വയലുകളിൽ മത്സ്യകൃഷിയും ചെമ്മീൻ കൃഷിയും നടത്തുവാൻ നടപടി

146 [910] ശ്രീ. പി. ജെ. ജോയി :
,, ഇ. എം. അഗസ്തി :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷിമൂലം നഷ്ടത്തിലേക്കും സാമ്പത്തിക തകർച്ചയിലേക്കും നീങ്ങിക്കൊണ്ടിരിക്കുന്ന കുട്ടനാടൻ നെൽകൃഷിക്കാരെ രക്ഷിക്കുന്നതിനായി കുട്ടനാടൻ വയലുകളിൽ മത്സ്യകൃഷിയും ചെമ്മീൻകൃഷിയും നടത്തുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ;

(ബി) കർഷകർക്ക് ചെമ്മീൻ കൃഷി ചെയ്യുന്നതിനാവശ്യമായ ചെമ്മീൻ കുഞ്ഞുങ്ങളെ നൽകുവാൻ ഫിഷറീസ് വകുപ്പിനെ സജ്ജമാക്കിയിട്ടുണ്ടോ ; അതിന് സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള അഴീക്കോട് റീജിയണൽ ഷ്രിംപ് ഹാച്ചറിയിൽ നിന്നും മത്സ്യകർഷകർക്ക് ചെമ്മീൻ കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ മത്സ്യഫെഡിന്റെ നിയന്ത്രണത്തിലുള്ള ഹാച്ചറികൾ വഴിയും ചെമ്മീൻ കുഞ്ഞുങ്ങളെ ലഭ്യമാക്കി വരുന്നുണ്ട്. അഡാക്കിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ജില്ലയിലെ ഓടയത്ത് 2.37 ഹെക്ടർ പ്രദേശത്ത് 15 ദശലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ള ചെമ്മീൻ ഹാച്ചറിയുടെ നിർമ്മാണം പൂർത്തിയാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly